പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് കേന്ദ്രസഹായം

79 (1639) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തു തുക വീതം ലഭിച്ചു ;

(ബി) ഈ ഇനത്തിൽ പ്രതിവർഷം സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നും എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ട് ;

(സി) ഈ കാലഘട്ടത്തിൽ ഓരോ വർഷവും എന്തു തുക വീതം ഈയിനത്തിൽ കേന്ദ്ര ഗവൺമെന്റിനോട് മുൻകൂറായി വാങ്ങിയിട്ടുണ്ട് ; അപ്രകാരം അഡ്വാൻസ് വാങ്ങുവാനുള്ള നിർബന്ധിത സാഹചര്യം വ്യക്തമാക്കാമോ ;

(ഡി) പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും കിട്ടിയ തുകയിൽ നിന്ന് ഈ കാലഘട്ടത്തിൽ ഏതെങ്കിലും വകമാറ്റി ചെലവ് ചെയ്തിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം വർഷം എത്ര തുക വീതം ;

(ഇ) ഈ കാലയളവിൽ എന്തെങ്കിലും തുക ലാപ്സായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലേയ്ക്ക് കേന്ദ്ര സഹായമായി ലഭിച്ച തുകയുടെ വിശദവിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

വർഷം	തുക (ലക്ഷത്തിൽ)
1996 - 97	4,155
1997 - 98	5,676
1998 - 99	4,608
1999 - 2000	4,804
2000 - 2001	1,734

(ഒന്നാം ഗഡു)

(ബി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലുൾപ്പെടുത്തി പ്രതിവർഷം താഴെ ചേർത്തിരിക്കുന്ന രീതിയിൽ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

വർഷം	തുക (ലക്ഷത്തിൽ)
1996 - 97	1,335. 30
1997 - 98	1,462. 00
1998 - 99	1,052. 30
1999 - 2000	1,601. 00
2000 - 2001	760. 00

(സി) ഈ കാലഘട്ടത്തിൽ ഈ ഇനത്തിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും മുൻകൂറായി തുകയൊന്നും തന്നെ വാങ്ങിയിട്ടില്ല.

(ഡി) ഇല്ല.

(ഇ) കൊല്ലം ജില്ലയിൽ 4,91,162 രൂപയും, പാലക്കാട് ജില്ലയിൽ 5,60,000 രൂപയും ലാപ്സായിട്ടുണ്ട്.

നഷ്ടപരിഹാരത്തുക നൽകുന്നതിന് നടപടി

80 (1640) ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര താലൂക്ക് ഓഫീസിലും സബ്ട്രഷറി കോമ്പൗണ്ടിനും സമീപത്ത് താമസിക്കുന്ന കടയിൽവിള വീട്ടിൽ അസ്മാബീവിയുടെയും പി. മുഹമ്മദ് മുസ്തഫയുടെയും വീടുകൾക്ക് 24-8-2000-ൽ ഉണ്ടായ പ്രകൃതിക്ഷോഭത്തിലും കൊടുങ്കാറ്റിലുംപെട്ട് ട്രഷറി കോമ്പൗണ്ടിലെ വലിയ മരങ്ങൾ ഒടിഞ്ഞുവീണ് ഗുരുതരമായ കേടുപാടുകൾ സംഭവിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ വീടുകൾക്ക് എത്ര രൂപയുടെ നഷ്ടം വീതമാണ് കണക്കാക്കിയിട്ടുള്ളത് ; ഈ തുക നൽകി വീടുകളുടെ കേടുപാടുകൾ പരിഹരിച്ചു കഴിഞ്ഞോ ;

(സി) ഇല്ലെങ്കിൽ നഷ്ടപരിഹാരത്തുക അടിയന്തിരമായി നൽകി വീടുകളുടെ കേടുപാടുകൾ തീർക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ശ്രീമതി അസ്മാബീവിയുടെ വീടിന് 7,000 രൂപയുടെയും, ശ്രീ. മുഹമ്മദ് മുസ്തഫയുടെ വീടിന് 4,000 രൂപയുടെയും നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly